(സി) ഇക്കാര്യങ്ങളിൽ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള കോഴിക്കോട് സി.ഡബ്ല്യൂ.ആർ.ഡി.എം. ചില പഠനങ്ങൾ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി ആന്റ് ഇ) ഇത്തരം പ്രവർത്തനങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. നദിയിൽ നിന്നും മണൽ വാരുന്നതിന്റെ ഫലമായി നദികളുടെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ അസന്തുലിതാവസ്ഥ സൃഷ്ടിക്കുക, നദികളുടെ അടിത്തട്ട് കൂടുതൽ താഴുക, നദിയുടെ സമീപപ്രദേശങ്ങളിലെ ഭൂഗർഭ ജലനിരപ്പ് താഴുക, പാലങ്ങൾ, കുടിവെള്ള പദ്ധതികൾ, ബണ്ടുകൾ, നദീതീരം എന്നിവയ്ക്ക് ബലക്ഷയം സംഭവിക്കുക എന്നിവ സംജാതമാകുന്നു. മറ്റു കാര്യങ്ങളെക്കുറിച്ച് പഠനങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

അസംബ്ലി നിയോജകമണ്ഡലങ്ങളുടെ പുനഃസംഘടന

15 [2495] ശ്രീ. കെ. പി. മോഹനൻ:
„ സി. കെ. നാണു:
„ എ. സി. ഷൺമുഖദാസ്:
ഡോ: എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംബ്ലി നിയോജകമണ്ഡലങ്ങളുടെ പുനഃസംഘടന സംബന്ധിച്ച് നടപടി ഇപ്പോൾ സ്വീകരിച്ച് വരുന്നുണ്ടോ;

(ബി) എങ്കിൽ നടപടി സംബന്ധിച്ച സംക്ഷിപ്ത വിവരണം ലഭ്യമാക്കുമോ;

(സി) 2001-ലെ സെൻസസ് പ്രകാരം ഏതെല്ലാം ജില്ലകളിൽ നിയമസഭ സീറ്റുകളുടെ എണ്ണം വർദ്ധിക്കുമെന്നും, ഏതെല്ലാം ജില്ലകളിൽ എണ്ണം കുറയുമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേന്ദ്ര ഡീലിമിറ്റേഷൻ കമ്മീഷൻ 2001-ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നിയോജക മണ്ഡലങ്ങളുടെ പുനർനിർണ്ണയം സംബന്ധിച്ച നടപടികൾ കൈക്കൊണ്ടുവരുകയാണ്.

(ബി) കമ്മീഷൻ 2001-ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഓരോ ജില്ലയ്ക്കും ലഭിക്കുന്ന നിയോജക മണ്ഡലങ്ങളുടെ എണ്ണവും സംവരണ മണ്ഡലങ്ങൾ ഏതു ജില്ലകളിലാണ് വരേണ്ടതെന്നും കാണിക്കുന്ന രണ്ട് വർക്കിംഗ് പേപ്പർ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി കമ്മീഷൻ കൈക്കൊണ്ടു വരുകയാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കണ്ണൂർ, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ ഒരു സീറ്റ് വീതവും മലപ്പുറം ജില്ലയിൽ നാല് സീറ്റുകളുടെയും വർദ്ധനവുണ്ടാകും. ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ രണ്ടു വീതവും തൃശ്ശൂർ, കോട്ടയം, കൊല്ലം ജില്ലകളിൽ ഒന്നു വീതവും സീറ്റ് കുറയും. ഇതു സംബന്ധിച്ച് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള വർക്കിംഗ് പേപ്പറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ഭിക്ഷാടനത്തിനായി കുട്ടികളെ തട്ടിക്കൊണ്ട് പോകുന്ന റാക്കറ്റുകൾ

16 [2496] ശ്രീ. കെ. പി. രാജേന്ദ്രൻ:
" മാങ്കോട് രാധാകൃഷ്ണൻ:
" എം. കുമാരൻ:
" ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന സംഘങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഭിക്ഷാടനത്തിനായി കുട്ടികളെ തട്ടിക്കൊണ്ടു പോകുന്ന റാക്കറ്റുകൾ വർദ്ധിച്ചു വരുന്നത് കണക്കിലെടുത്ത് ഇതു തടയുന്നതിനും നടപടികളെടുക്കുന്നതിനുമായി പോലീസിൽ ഇന്നുള്ള സംവിധാനം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഇതു സംബന്ധിച്ച എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഇ) ഭിക്ഷാടനവും കുഞ്ഞുങ്ങളെ ഉപയോഗിച്ചുള്ള അധാർമ്മിക പ്രവർത്തികളും അവസാനിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കുട്ടികളെ തട്ടിക്കൊണ്ടു പോകുന്ന സംഘങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് എന്നീ ജില്ലകളിൽ കുട്ടികളെ തട്ടിക്കൊണ്ടുപോയതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് റസിഡൻസ് അസോസിയേഷനുകളുമായി ബന്ധപ്പെട്ട് ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുള്ളതും സ്കൂളുകളിലും മറ്റും സംശയകരമായ സാഹചര്യങ്ങളിൽ കുട്ടികളുമായി ബന്ധപ്പെടുന്ന അപരിചിതരെ അകറ്റി നിർത്തുന്നതിനും, പരിശോധിക്കുന്നതിനും, സ്കൂൾ അധികൃതർക്കും, പോലീസ് ഉദ്യോഗസ്ഥർമാർക്കും നിർദ്ദേശം നൽകുകയും ചെയ്തു വരുന്നു. കൂടാതെ പ്രധാനപ്പെട്ട ആരാധനാലയങ്ങളിലും, ഉത്സവ സ്ഥലങ്ങളിലും, റയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ്, പാർക്കുകൾ, വിദ്യാലയങ്ങൾ എന്നീ സ്ഥലങ്ങളിൽ പ്രത്യേകം സ്കാഡുകൾ നിയമിച്ച് അന്വേഷണം നടത്തിവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly